## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2308 05.11.2019-ലെ മറുപടിക്ക്**

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി</u>**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.കെ.വി.വിജയദാസ്** **ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നിലവിൽ ഗുണകരമാണോ; അതോ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ സംസ്ഥാനം നേരിടുന്നുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച |

| | | |
|---|---|---|
| | | സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ടി സാമ്പത്തിക ബുദ്ധിമുട്ടിന്റെ നിഴലിലും ചെലവുകൾ വെട്ടിച്ചുരുക്കിക്കൊണ്ട് സംസ്ഥാന ധന നയത്തിൽ ഒരു അടിസ്ഥാനതിരുത്തലും വരുത്തില്ല. ക്ഷേമ വികസന പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാൻ തന്നെയാണ് ബജറ്റിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ നയങ്ങൾ ഏതെല്ലാം തരത്തിലാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ ബാധിച്ചുകൊണ്ടിരിക്കുന്നത്; വിശദവിവരം നൽകുമോ; | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പല പരിഷ്കാരങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം 75% മുതൽ 90% വരെ ഉണ്ടായിരുന്നത് കേന്ദ്ര വിഹിതത്തിന്റെ അനുപാതം 60% ആയി കുറയ്ക്കുകയുണ്ടായി. ആയതിനാൽ അധിക തുക സംസ്ഥാനം വഹിക്കേണ്ട സ്ഥിതിവിശേഷം ഉളവായിട്ടുണ്ട്. കൂടാതെ ഒറ്റത്തവണ കേന്ദ്ര സഹായം, അധിക കേന്ദ്ര സഹായം എന്നിവ ആസൂത്രണ കമ്മീഷൻ മുഖേന ലഭിച്ചുകൊണ്ടിരുന്നത് ഇപ്പോൾ നിർത്തലാക്കുകയും ചെയ്തു. മുൻപുണ്ടായിരുന്ന ഈ വിഹിതത്തിൽ നിന്നും സംസ്ഥാനത്തിന്റെ പല സ്കീമുകൾക്കും നേട്ടമുണ്ടാകുകയും പദ്ധതി പ്രവർത്തനം വ്യാപകമായിട്ട് നടത്തുവാൻ സാധിക്കുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി ഇറക്കുമതി നയത്തിലൂടെ സ്വതന്ത്ര വ്യാപാര മേഖല വികസിപ്പിച്ചതിന്റെ ഭാഗമായി കേരളത്തിന്റെ റബ്ബർ, കുരുമുളക് എന്നീ നാണ്യ വിളകളുടെ |

| | | |
|---|---|---|
| | | നികുതി വിലയിൽ വൻ ഇടിവ് സംഭവിച്ചു. ആയതിനാൽ രാജ്യങ്ങളിൽ നിന്നും ഈ ഉത്പന്നങ്ങൾ നികുതി കുറച്ച് ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്ന സവിശേഷത അനുഭവപ്പെട്ടുകയുണ്ടായി. കൂടാതെ പല കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്കരിക്കുന്നതിലൂടെ തൊഴിൽ അവസരങ്ങൾ ഗണ്യമായി കുറവ് വരാൻ ഇടയാക്കുന്നുണ്ട്. കേന്ദ്ര നയങ്ങൾ മൂലമുള്ള ഓട്ടോമൊബൈൽ മേഖലയിലുള്ള തകർച്ച സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിനെയും തൊഴിലവസരങ്ങളെയും സാരമായി ബാധിച്ചു. |

സെക്ഷൻ ഓഫീസർ